MONDAY 14/10/2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor :** Nizam S A **Editor :** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/10/2024

1. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 16-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. മൂന്നു വർഷത്തിനു മേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കരുത്. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ - 688525. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460, 9447249971 .

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വൈറ്റില നെല്ലുഗവേഷണകേന്ദ്രത്തിൽ വിവിധ കാർഷികോപാധികൾ വിൽപ്പനയ്ക്ക്, പച്ചക്കറിവിത്തുകൾ, തൈകൾ, മാവ്, പ്ലാവ്, സപ്പോട്ട, പേര, നാരകം, ചാമ്പ എന്നീ ഫലവൃക്ഷത്തൈകൾ, ഭൗമസൂചികാപദവിയുള്ള തിരുവല്ല ശർക്കര, സസ്യസംരക്ഷണ ഉപാധികളായ സ്യൂഡോമോണാസ്, ലിക്വിഡ് സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബ്യൂവേറിയ, വെർട്ടിസീലിയം, മാമ്പഴക്കെണി, പച്ചക്കറിക്കെണി, സൂക്ഷ്മമൂലക മിശ്രിതമായ

സമ്പൂർണ എന്നിവ ലഭിക്കും. വിവരങ്ങൾക്കായി 0484- 2809963, 80752 20868 എന്നീ ഫോൺ നമ്പരിൽ വിളിക്കുക.

3. കാർഷിക സർവ്വകലാശാല പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ക്യാബേജ്, കോളിഫ്ളവർ തൈകൾ 3 രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

4. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യ സമ്പദയോജന പദ്ധതിയുടെ ഘടക പദ്ധതിയായ ഉപ്പുവെള്ള പ്രദേശങ്ങളിൽ ബയോഫ്ളോക് കുളം നിർമ്മാണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത അപേക്ഷകൾ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഒക്ടോബർ 15 വൈകീട്ട് നാല് മണിവരെ ഓഫിസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2732340.

5. ഫിഷറീസ് വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പദ്ധതിയുടെ ഘടക പദ്ധതിയായ സഞ്ചരിക്കുന്ന മത്സ്യരോഗനിർണ്ണയവും ഗുണമേന്മ പരിശോധനയും ലാബ്/ക്ലിനിക് അപേക്ഷ ക്ഷണിച്ചു. 35 ലക്ഷം രൂപയുടെ പദ്ധതിയിൽ 40% സബ്സിഡി ലഭിക്കും. ഫിഷറീസ് സയൻസ്/ ലൈഫ് സയൻസ്/മറൈൻ ബയോളജി/ മൈക്രോബയോളജി/ സുവോളജി/ ബയോകെമിസ്ട്രി എന്നിവയിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 0495-2381430.

## പരിശീലന പരിപാടി

6. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 21 മുതൽ 25 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി

നടക്കുന്ന ''ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്.പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 19 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന . കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 - 2440911. മേൽവിലാസം :ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004. Email ID: principaldtctvm@gmail.com

7. വെള്ളായണി കാർഷിക കോളേജ്, ട്രെയിനിങ് സർവീസ് സ്കീം 2024 ഒക്ടോബർ 15 ന് ശീതകാല പച്ചക്കറികൾ- കൃഷി രീതികൾ എന്ന വിഷയത്തിൽ ഒരു പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500 രൂപ. പരിശീലന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ. താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുകയോ വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യുക. വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ.

8. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂക്കോട് ഡെയറി സയൻസ് ടെക്നോളജി കോളേജിൽ 2024 ഒക്ടോബർ 17, 18 തീയതികളിൽ **ക്ഷീരോൽപ്പന്നനിർമ്മാണത്തിൽ ശാസ്ത്രീയമായ പരിശീലനം** നൽകുന്നു. ചീസ്, നെയ്യ്, യോഗർട്ട് എന്നീ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലാണ് പരിശീലനം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നൽകുന്നത്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക-ഫോൺ: 9400587443, 9895636751

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം